**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 973** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി- പട്ടികവർഗ്ഗ ചികിൽസാ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിയിൽ നിന്നും എത്ര പേർക്ക് ചികിത്സാ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; ഇതിന് വേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിയിൽ നിന്നും പട്ടികജാതിയിൽപ്പെട്ട 22316 പേർക്ക് 49,77,33,806/-രൂപയും (നാല്പത്തിയൊമ്പത് കോടി എഴുപത്തിയേഴ് ലക്ഷത്തി മുപ്പത്തിമൂന്നായിരത്തി എണ്ണൂറ്റിയാറ് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 86567 പേർക്ക് 35,05,24,400/- രൂപയും (മുപ്പത്തിയഞ്ച് കോടി അഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരത്തി നാനൂറ് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) | ഏറനാട് നിയോജകമണ്ഡലത്തിൽ നിന്ന് പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര ആളുകൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും എന്നും വിശദമാക്കുമോ; | (ബി) | ഏറനാട് നിയോജക മണ്ഡലത്തിൽ നിന്നും പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനായി പട്ടികജാതി വിഭാഗത്തിൽ നിന്നും 84 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 84 അപേക്ഷകർക്കുമായി 19,26,000/-രൂപ (പത്തൊമ്പത് ലക്ഷത്തി ഇരുപത്തി ആറായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ചികിത്സാ ധനസഹായത്തിനായി സമർപ്പിച്ച 720 അപേക്ഷകളിൽ 720 പേർക്കുമായി ആകെ 15,93,613/- രൂപ (പതിനഞ്ച് ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരത്തി അറുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | (സി) | **പട്ടികജാതി വിഭാഗം**<br><br>മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതത്തിൽ പ്പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ |

പദ്ധതി പ്രകാരം 50,000/-രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ വരെ ആശുപത്രി മുഖാന്തിരം നൽകുന്നു. അപേക്ഷകന്റെ ജാതി, വരുമാനം എന്നിവ തെളിയിക്കുന്നതിന് നിശ്ചിത ഫോറത്തിലുള്ള സർട്ടിഫിക്കറ്റ്, റേഷൻകാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ്, ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന പ്രിന്റ് സഹിതം ടി അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുൻസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. വിവിധതലങ്ങളിൽ പരിശോധന നടത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു.

**പട്ടികവർഗ്ഗ വിഭാഗം**

ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ട താണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ് പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയാണെങ്കിൽ ഗവൺമെന്റ് മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.

ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച ആശുപത്രി അധികൃതർ

| | | | |
|---|---|---|---|
| | | | നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകുന്നു.<br><br>മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/-രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു.<br><br>പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ/ടി.ഡി.ഒ-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹു.വകുപ്പ് മന്ത്രിയ്ക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ